## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3877

25.06.2013 ൽ മറുപടിക്ക്

# അക്ഷയകേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കൃഷ്ണൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പുതുതായി അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) ഗ്രാമപഞ്ചായത്തിൽ രണ്ടും മുനിസിപ്പാലിറ്റിയിൽ ആറും കോർപ്പറേഷനിൽ എട്ടുമുതൽ പത്തുവരെയും അക്ഷയ സെന്ററുകൾ തുടങ്ങുന്നതിനാണ് 30.04.2005ലെ ജി.ഒ (എം.എസ്) 19/05/ഐ.റ്റി.ഡി. പ്രകാരം തീരുമാനമുള്ളത്. 2500 മുതൽ 3000 വരെ കുടുംബങ്ങൾക്ക് ഒരു അക്ഷയകേന്ദ്രം ഉണ്ടാവണമെന്നതാണ് ധാരണ. അക്ഷയ സെന്ററുകളുടെ സേവനം തുല്യമായ തോതിൽ എല്ലായിടത്തും ലഭിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റും സഹായത്തോടെ അനുയോജ്യമായ സ്ഥലത്ത് സംരംഭകർക്ക് സെന്റർ തുടങ്ങാൻ അനുമതി നൽകുകയെന്നതാണ് ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിക്കുന്ന നയം. |

സെക്ഷൻ ഓഫീസർ.